## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : ഡോ. കെ. വാസുകി ഐ.എ.എസ് )

വിഷയം :- വാർഷിക പദ്ധതി 2020-21 - കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി - കർഷക സഭകളും ഞാറ്റുവേല ചന്തകളും - തുടർഭരണാനുമതി നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- (1) സ.ഉ. (സാധാ) നം.546/2018/ കൃഷി തീയതി 08/6/2018
(2) വാർഷിക പദ്ധതി 2020-21
(3) സർക്കുലർ നം.21/2020/ഫിൻ തീയതി 08.04.2020

**ഉത്തരവ് നം. ADFW/484/2020-TP.(2)12933/2019 തീയതി 18/5/2020.**

കേരള സർക്കാർ, സൂചന സ.ഉ. പ്രകാരം 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയുടെ ഭാഗമായി 'കർഷക സഭകളും ഞാറ്റുവേല ചന്തകളും' എന്ന ഘടകത്തിന് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയുടെ ഭാഗമായി 'കർഷക സഭകളും ഞാറ്റുവേല ചന്തകളും' എന്ന ഘടകം നടപ്പിലാക്കുന്നതിനായി 50.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ നിന്നും 0.26405 ലക്ഷം രൂപ 2019-20 ൽ ക്യൂ ബില്ലുകൾ മാറുന്നതിനായി നൽകിയിട്ടുണ്ട്. ആയതിനാൽ സൂചന (3) പ്രകാരമുള്ള സർക്കുലർ പ്രകാരം 49.73595 ലക്ഷം രൂപയുള്ള ഭരണാനുമതി മാത്രമേ 2020-21 സാമ്പത്തിക വർഷം നൽകുവാൻ കഴിയുകയുള്ളൂ. പ്രസ്തുത തുകയ്ക്കുള്ള തുടർ ഭരണാനുമതി നൽകുന്നു.

കാർഷിക രംഗത്തെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ കർഷകരുടെ പങ്കാളിത്തം പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. കർഷകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ടുള്ള സുതാര്യമായ ആസൂത്രണ പ്രക്രിയ സുസ്ഥിരമായ വികസനം സാധ്യമാക്കുന്നതാണ്. ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷിരീതി കേരളത്തിന്റെ ഒരു മുതൽക്കൂട്ടാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കർഷകരിൽ അവബോധം ജനിപ്പിക്കുന്നതിനും കർഷകർക്ക് ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തുടനീളം വാർഡ് തലത്തിൽ പ്രത്യേക കർഷക സഭകളും അതിനോടനുബന്ധിച്ച് ഞാറ്റുവേലച്ചന്തകളും സംഘടിപ്പിക്കേണ്ടതാണ്. കൃഷിവകുപ്പിന്റെയും കൃഷിഭവനുകളുടേയും സേവനം ഏറ്റവും താഴെത്തട്ടിൽ ഫലപ്രദമായി എത്തിക്കുക എന്ന ഉദ്ദേശ്യമാണ് കർഷക ഗ്രാമസഭകൾക്കുള്ളത്.

**ലക്ഷ്യങ്ങൾ**

- കൃഷിഭവന്റെ സേവനം താഴെത്തട്ടിൽ ഫലപ്രദമാക്കുക

- കാർഷിക വികസനത്തിലും ആസൂത്രണത്തിലും കർഷകരെ പങ്കാളികളാക്കുക
- കാർഷിക പദ്ധതികൾ സംബന്ധിച്ച് കൃഷിക്കാരെ ബോധവാൻമാരാക്കുക
- ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുകയും സമയബന്ധിതമായി കൃഷിയിറക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.
- പ്രാദേശിക പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പ്രായോഗിക പരിഹാരം നിർദ്ദേശിക്കുക

**ഗുണഭോക്താക്കളും ഗുണഭോക്തൃ പ്രദേശവും**

കേരളത്തിലെ വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വസിക്കുന്ന എല്ലാ കർഷകരും ഈ പദ്ധതിയിൽ പങ്കാളികളാകുന്നതാണ്.

കേരളത്തിലെ 1076 കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന എല്ലാ വാർഡുകളിലും പദ്ധതി നടപ്പിലാക്കേണ്ടതാണ്.

**പ്രവർത്തനങ്ങൾ**

**1. കർഷക സഭകൾ**

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും വാർഡ് മെമ്പർമാരുടെ അദ്ധ്യക്ഷതയിൽ കർഷക ഗ്രാമസഭകൾ കൂടുന്നതാണ്. ഇവയിൽ പഞ്ചായത്തുതല /ജില്ലാതല / സംസ്ഥാനതല കാർഷിക വികസന സമിതി അംഗങ്ങളുടെ സാന്നിദ്ധ്യവും ഉറപ്പാക്കേണ്ടതാണ്. കർഷക സഭകളിൽ കൃഷി ഓഫീസർ കൃഷിഭവൻ മുഖാന്തിരം നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെ കുറിച്ചും വിശദീകരിക്കുന്നതാണ്. കർഷകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതും അവരുടെ പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതുമാണ്.

അശ്വതി ഞാറ്റുവേല (2020 ഏപ്രിൽ 14, 1195 മേടം 1) മുതൽ തിരുവാതിര ഞാറ്റുവേല (2020 ജൂലൈ 4, 1195 മിഥുനം 20) വരെ നീണ്ടുനിൽക്കുന്ന രണ്ടരമാസക്കാലയളവിലാണ് പ്രത്യേക കർഷക സഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിക്കേണ്ടത്. അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയിരം, തിരുവാതിര എന്നീ ആറ് ഞാറ്റുവേലകളാണ് ഈ കാലയളവിലുള്ളത്.

**2. ഞാറ്റുവേല ചന്തകൾ**

അശ്വതി ഞാറ്റുവേല മുതൽ തിരുവാതിര ഞാറ്റുവേല വരെയുള്ള കാലയളവിൽ സംഘടിപ്പിക്കുന്ന കർഷകസഭകളിൽ ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ വിൽപ്പന

നടത്തുന്നതിനായി ഞാറ്റുവേല ചന്തകൾ ഒരുക്കേണ്ടതാണ്. കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല, കൃഷിവിജ്ഞാൻ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ., കർഷക കൂട്ടായ്മകൾ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്ന നടീൽവസ്തുക്കളാണ് ഞാറ്റുവേല ചന്തകൾ മുഖേന വിൽപ്പനയ്ക്ക് സജ്ജമാക്കുന്നത്. പ്രാദേശികമായി ആവശ്യമുള്ള നടീൽവസ്തുക്കളുടെ ലഭ്യത ഇപ്രകാരം ഉറപ്പാക്കുന്നതാണ്. ഇതിനു പുറമേ, ജൈവ ഉൽപാദനോപാധികൾ, ജൈവ നിയന്ത്രണോപാധികൾ, കീടക്കെണികൾ തുടങ്ങിയവയും ചന്തകൾ മുഖേന ലഭ്യമാക്കുന്നു. ഇതിനായി പ്രത്യേക സബ്സിഡി യൊന്നുംതന്നെ അനുവദിക്കുന്നതല്ല.

**പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചായിരിക്കും കർഷക ഗ്രാമസഭകളും ഞാറ്റുവേലചന്തകളും സംഘടിപ്പിക്കുന്നത്.

1. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കർഷക സഭകൾ സംഘടിപ്പിക്കുന്നതാണ്. വിവിധതലങ്ങളിലുള്ള ജനപ്രതിനിധികളേയും കൃഷിഭവൻതല / ജില്ലാതല / സംസ്ഥാനതല കാർഷിക വികസന സമിതി അംഗങ്ങളേയും കർഷക സഭകളിൽ പങ്കെടുപ്പിക്കേണ്ടതാണ്.

2. കർഷക സഭകളിൽ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതോടൊപ്പം നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള അപേക്ഷകൾ സ്വീകരിക്കാവുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതുമാണ്.

3. കർഷക സഭകൾ മുഖേന ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ വിൽപ്പന നടത്തേണ്ടതാണ്. കൃഷിവകുപ്പ് ഉൽപാദിപ്പിക്കുന്ന നടീൽവസ്തുക്കൾക്ക് മുൻഗണന നൽകേണ്ടതാണ്. പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിക്കപ്പെട്ട ക്ലസ്റ്ററുകളുടെ നഴ്സറികൾ, കാർഷിക കർമ്മസേന / അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ നഴ്സറികൾ, കൃഷി വകുപ്പ് സാമ്പത്തിക – സാങ്കേതിക സഹായം നൽകുന്ന നഴ്സറികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്ന വിത്തുകളും മറ്റ് നടീൽ വസ്തുക്കളുമാണ് വിൽപ്പന നടത്തേണ്ടത്. അതാത് പ്രദേശത്തെ സാധ്യതയും ആവശ്യകതയും പരിഗണിച്ചുള്ള വിത്തുകളുടേയും മറ്റ് നടീൽവസ്തുക്കളുടേയും വിൽപ്പനയാണ് നടത്തേണ്ടത്. **ഇതിന് പ്രത്യേക സബ്സീഡി അനുവദിക്കേണ്ടതില്ല.**

4. സ്വകാര്യ കമ്പനികളുടേയും നഴ്സറികളുടേയും വിത്തുകൾ / തൈകൾ, മറ്റ് നടീൽവസ്തുക്കൾ എന്നിവയുടെ വിൽപ്പന കർഷക സഭകളിൽ അനുവദിക്കേണ്ടതില്ല.

5. കർഷകർ പരമ്പരാഗതമായി സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന ഇനങ്ങളുടെ വിൽപ്പനയും പരസ്പര കൈമാറ്റവും (exchange) ഇതോടൊപ്പം സംഘടിപ്പിക്കാവുന്നതാണ്.

6. സർക്കാർ സ്ഥാപനങ്ങളും കൃഷിഭവന്റെ കീഴിലുള്ള ഗ്രൂപ്പുകളും തയ്യാറാക്കിയ ജൈവ ഉൽപാദനോപാധികളും ജൈവ നിയന്ത്രണത്തിനായി ഉപയോഗിക്കുന്ന ട്രൈക്കോഡെർമ്മ, സ്യൂഡോമോണാസ്, VAM, റൈസോബിയം, കീടനിയന്ത്രണ കെണികൾ എന്നിവയും വിൽപ്പന നടത്താവുന്നതാണ്.

7. മണ്ണ് പരിശോധനയുടെ പ്രാധാന്യം സംബന്ധിച്ച അവബോധം കർഷകരിൽ സൃഷ്ടിക്കുന്നതിന് ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. കർഷകർ കൊണ്ടുവരുന്ന മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധനാ ഫലം കർഷകരിൽ എത്തിക്കുന്നതിനും സംവിധാനം ഒരുക്കേണ്ടതാണ്. സോയിൽ ഹെൽത്ത് കാർഡുകൾ കർഷക സഭകളിൽ വിതരണം ചെയ്യാവുന്നതാണ്. ലഭ്യത അനുസരിച്ച് മൊബൈൽ മണ്ണ് പരിശോധനാ ലാബുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

8. നടീൽ വസ്തുക്കൾ വിൽപ്പന നടത്തുവാൻ സാധ്യതയില്ലാത്ത ഇടങ്ങളിൽ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

9. തദവസരത്തിൽ ആത്മ, ലീഡ്സ്, എസ്.എച്ച്.എം. എന്നീ പദ്ധതികളുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്.

10. കർഷക സഭകൾ മുഖേന ഉയർന്നുവരുന്ന ആശയങ്ങളും നിർദ്ദേശങ്ങളും കൃഷിവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പദ്ധതി രൂപീകരണത്തിന് പ്രയോജന പ്പെടുത്താവുന്നതാണ്.

11. കർഷകർക്ക് ആവശ്യമായ ജലസേചന – ജലനിർഗ്ഗമന സൌകര്യങ്ങൾ ഉൾപ്പെടെ യുള്ള പശ്ചാത്തല സൌകര്യ വികസനം, മറ്റ് അനുബന്ധ പദ്ധതികൾ എന്നിവയിൽ വിവിധ വകുപ്പുകൾ നടത്തേണ്ട ഇടപെടലുകൾ, ജലസേചന പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ എന്നിവ സംബന്ധിച്ച് കർഷകരുടെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരെ / തുതല പഞ്ചായത്ത് അദ്ധ്യക്ഷൻമാരെ അറിയിക്കേണ്ടതാണ്.

12. ഉച്ചയ്ക്ക് മുമ്പോ / ഉച്ചയ്ക്കുശേഷമോ ഉള്ള അർദ്ധദിന പരിപാടിയായോ, മുഴുദിന പരിപാടി യായോ കർഷക സഭകൾ സംഘടിപ്പിക്കാവുന്നതാണ്. ഇതേകാലയളവിൽ പഞ്ചായത്ത് / മുനിസിപ്പാലിറ്റിതല ഗ്രാമസഭകൾ / വാർഡ്സഭകൾ നടക്കുക യാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്റെ അനുമതിയോടെ കർഷക ഗ്രാമസഭകൾ അതോടൊന്നിച്ച് നടത്താവുന്നതാണ്.

13. കർഷക സഭകളുടെ നടത്തിപ്പ് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ഒരു ആലോചനാ യോഗം ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, മറ്റ് ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കാർഷിക വികസന സമിതി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് നടത്തേണ്ടതും സഭയുടെ സമയക്രമം, സ്ഥലം എന്നിവ തീരുമാനിക്കേണ്ടതുമാണ്. കർഷക സഭയുടെ സമയക്രമം ബ്ലോക്ക് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ലഭ്യമാക്കേണ്ട താണ്.

14. കൃഷി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആത്മ പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, എഞ്ചിനീയർമാർ, മണ്ണ് പരിശോധനാ ശാലകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയ കൃഷി വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും ഏതെങ്കിലും കർഷക സഭകളിൽ പങ്കെടുക്കേണ്ടതാണ്.

15. കർഷക സഭകൾ സംബന്ധിച്ച വിവരം ബഹു. കൃഷി മന്ത്രി, എം.പി.മാർ, എം.എൽ.എ.മാർ, കാർഷികോൽപ്പാദന കമ്മീഷണർ എന്നിവരെ അറിയിക്കേണ്ടതും അവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുവാൻ ശ്രമിക്കേണ്ടതുമാണ്.

16. മണ്ണ് പര്യവേക്ഷണം-സംരക്ഷണം, ജലസേചനം, മൃഗസംരക്ഷണം എന്നീ വകുപ്പ് ഉദ്യോഗസ്ഥരേയും കർഷക സഭകളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

17. കർഷക സഭകൾ സംഘടിപ്പിക്കുന്നതിന് പ്രദേശത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കർഷകഗ്രൂപ്പുകൾ, കർഷക സംഘടനകൾ, പാടശേഖര സമിതികൾ, പച്ചക്കറി ക്ലസ്റ്ററുകൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവയുടെ സഹകരണം തേടാവുന്നതാണ്.

18. കർഷക രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കർഷകരേയും കർഷക സഭകളിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പുതുതായ കർഷകരെ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും കർഷക സഭകൾ പ്രയോജനപ്പെടുത്താവുന്നതാണ്. വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്

രേഖകളുടെ പരിശോധന കർഷക സഭകളിൽ ചെയ്യുന്നത് കർഷകർക്ക് സൌകര്യപ്രദമാകുന്നതാണ്.

19. കർഷക സഭകളെ സംബന്ധിച്ച് മുൻകൂട്ടി പ്രചരണം നടത്തേണ്ടതാണ്. പത്രമാധ്യമങ്ങൾ, ശ്രവ്യ-ദൃശ്യ-സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

20. കർഷക സഭകളിൽ ഉണ്ടായ ജനപങ്കാളിത്തം, ഉൽപാദനോപാധികളുടെ വിൽപ്പന, ചർച്ചാവിഷയങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇവ ജില്ലാ അടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാന ത്തിലും ക്രോഡീകരിക്കേണ്ടതാണ്.

21. ഈ പദ്ധതിയോടനുബന്ധിച്ച് ഒരു സംസ്ഥാനതല പരിപാടി സംഘടിപ്പിക്കേണ്ടതാണ്.

## ധനകാര്യ വിശകലനം

കർഷക സഭകൾ സംഘടിപ്പിക്കുന്നതിന് വാർഡ് ഒന്നിന് 1000/- രൂപ നിരക്കിൽ സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാ ലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ആകെ നിലവിലുള്ള 1076 കൃഷിഭവനുകൾക്ക് 4000/- രൂപ പ്രകാരം ആകെ 43.04 ലക്ഷം രൂപ കൃഷി വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നു. അധികമായി തുക ആവശ്യം വരുന്ന കൃഷിഭവനുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക വികസന ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് എല്ലാ വാർഡുകളിലും കർഷകസഭകൾ നടപ്പിലാക്കേണ്ടതാണ്. കർഷക സഭകളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ബ്ലോക്ക് , ജില്ലാതലങ്ങളിൽ ക്രോഡീകരിക്കുന്നതിന് 3000/- രൂപവീതവും (**ആകെ 4.98 ലക്ഷം രൂപ**) കർഷക സഭ നിർദ്ദേശങ്ങളുടെ സംസ്ഥാനതല ക്രോഡീകരണത്തിനും സംസ്ഥാനതല പരിപാടി സംഘടിപ്പിക്കുന്നതിനുമായി **1.7159** ലക്ഷം രൂപയും അനുവദിക്കുന്നു. ഇപ്രകാരം ഈ പരിപാടിക്കായി ആകെ **49.73595 ലക്ഷം രൂപ** നീക്കിവെക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | ഒരു കൃഷിഭവന് അനുവദിക്കുന്ന തുക (രൂപ) | ആകെ തുക (ലക്ഷം രൂപയിൽ) |
|---|---|---|---|---|
| 1 | കൃഷിഭവൻ | 1076 | 4000 | 43.04 |

| | | | | |
|---|---|---|---|---|
| 4 | ബ്ലോക്കുതല റിപ്പോർട്ട് ക്രോഡീകരണം | 152 | 3000 | 4.56 |
| 5 | ജില്ലാതല റിപ്പോർട്ട് ക്രോഡീകരണം | 14 | 3000 | 0.42 |
| 6 | സംസ്ഥാനതലത്തിൽ റിപ്പോർട്ട് ക്രോഡീകരണത്തിനും പരിപാടി സംഘടിപ്പിക്കുന്നതിനും | | LS | 1.71595 |
| | **ആകെ തുക** | | | **49.73595** |

**(നാല്പത്തി ഒൻപത് ലക്ഷത്തി എഴുപത്തി മൂവായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം)**

2020-21 സാമ്പത്തിക വർഷം 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയുടെ ഭാഗമായി **2401-00-109-80 (പ്ലാൻ)** എന്ന ശീർഷകത്തിൽ 50.00 ലക്ഷം രൂപ 'കർഷക സഭകളും ഞാറ്റുവേല ചന്തകളും' എന്ന ഘടകത്തിന് വകയിരുത്തിയിട്ടുണ്ട്. കർഷക സഭകളും ഞാറ്റുവേല ചന്തകളും നടപ്പിലാക്കുന്നതിന് അനുവദിച്ച 49.73595 ലക്ഷം രൂപ മേൽ പറഞ്ഞ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

ഒപ്പ്/-

**കൃഷി ഡയറക്ടർ**

To

 റ്റി.വി. (3) സെക്ഷൻ - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി

Deputy Director of Agriculture (Plg)
Directorate of Agriculture
Thiruvananthapuram

പകർപ്പ്

കൃഷി ഡയറക്ടറുടെ റ്റി.എ.യ്ക്ക്
എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാരുടേയും സി.എ.യ്ക്ക്
സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ / സീനിയർ ഫിനാൻസ് ഓഫീസർ
ഐ.റ്റി സെൽ - വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്നതിനായി